പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1592 — 06.03.2020 -ലെ മറുപടിക്ക്

# മലബാർ മേഖലയിൽ കെ.എസ്.ആർ.ടി.സി.യുടെ സേവനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഉമ്മർ | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുടെ സേവനം മലബാർ മേഖലയിൽ വേണ്ടത്ര ലഭിക്കുന്നില്ല എന്ന ആക്ഷേപം സർക്കാർ തലത്തിൽ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പരിശോധിക്കുന്നതാണ്. |
| (ബി) | മുൻസർക്കാരിന്റെ കാലയളവിൽ മലപ്പുറം ജില്ലയിൽ ആകെ എത്ര സർവ്വീസുകളാണ് കെ.എസ്.ആർ.ടി.സി. ദിവസേന നടത്തിയിരുന്നത്; മണ്ഡലം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ; | (ബി) | മുൻ സർക്കാരിന്റെ കാലയളവിൽ മലപ്പുറം ജില്ലയിൽ ആകെ 197 സർവ്വീസുകൾ നടത്തിയിരുന്നു. മണ്ഡലം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.<br>മലപ്പുറം – 66<br>പെരിന്തൽമണ്ണ – 52<br>പൊന്നാനി – 40<br>നിലമ്പൂർ - 39 |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലപ്പുറം ജില്ലയിൽ എത്ര സർവ്വീസുകളാണ് നിർത്തലാക്കിയത്; വിശദമാക്കാമോ; സർവ്വീസുകൾ ഏറ്റവും ആവശ്യമുള്ള ഈ മേഖലയിൽ ഇവ നിർത്തലാക്കിയതിനുള്ള കാരണങ്ങൾ വിശദമാക്കാമോ; | (സി) | യാത്രക്കാരുടെ കുറവും, കെ.എസ്.ആർ.ടി.സി.യ്ക്ക് വരുമാന നഷ്ടവും കാരണം 59 സർവ്വീസുകൾ മലപ്പുറം ജില്ലയിൽ ആകെ നിർത്തലാക്കിയിട്ടുണ്ട്. |
| (ഡി) | മഞ്ചേരി മെഡിക്കൽ കോളേജിൽ എത്തുന്ന രോഗികൾക്ക് കെ.എസ്.ആർ.ടി.സി. യാത്രാ സംവിധാനം പര്യാപ്തമല്ലെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | പരിശോധിച്ചിട്ടുണ്ട്.<br>മഞ്ചേരി മെഡിക്കൽ കോളേജുമായി ബന്ധിപ്പിച്ച് കെ.എസ്.ആർ.ടി.സി സർവ്വീസുകൾ നടത്തി വരുന്നുണ്ട്. എന്നാൽ കൂടുതൽ സർവ്വീസുകൾ ആരംഭിക്കണമെന്ന ആവശ്യം സംബന്ധിച്ച് സാദ്ധ്യതാപഠനം നടത്തി യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുമെങ്കിൽ |

| | | | |
|---|---|---|---|
| | | | പരിശോധിക്കുന്നതാണ്. |
| (ഇ) | എങ്കിൽ മഞ്ചേരി കേന്ദ്രമാക്കി ഒരു ബസ് ഓപ്പറേറ്റിംഗ് സംവിധാനം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ? | (ഇ) | 21.12.2012-ൽ പ്രവർത്തനം ആരംഭിച്ച മഞ്ചേരി ഐ.ജി.ബി.റ്റി ബസ് സ്റ്റാൻഡിലെ സ്റ്റേഷൻ മാസ്റ്റർ ഓഫീസ് 03.09.2017 ലാണ് നിർത്തലാക്കിയത്. തിരൂർ-മഞ്ചേരി റൂട്ടിലുള്ള 12-ൽ 9 ഷെഡ്യൂളുകളിലായി 24 ട്രിപ്പുകൾ മാത്രമാണ് പ്രസ്തുത സ്റ്റാൻഡിലൂടെ പ്രതിദിനം സർവ്വീസ് നടത്തി വന്നിരുന്നത്. നിലവിൽ ടി സർവ്വീസുകൾക്ക് പുറമെ വഴിക്കടവ്-കോഴിക്കോട് ചെയിൻ സർവ്വീസിലെ കോഴിക്കോട് ഭാഗത്തേയ്ക്കുള്ള 11 ഷെഡ്യൂളുകളും ടി ബസ് സ്റ്റാൻഡിലൂടെ കടന്നുപോകുന്നുണ്ട്. മഞ്ചേരി നഗരത്തിൽ മറ്റ് ബസ് സ്റ്റാൻഡുകൾ നിലവിലുണ്ട്. (ഐ.ജി.ബി.റ്റി, പഴയ സ്റ്റാൻഡ്, സീതി ഹാജി). കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന സാഹചര്യത്തിൽ സർവ്വീസ് ഓപ്പറേഷനുവേണ്ടി ഒരു പുതിയ ഓഫീസ് സ്ഥാപിക്കുന്നതിന് തൽക്കാലം നിർവ്വാഹമില്ല. |

**സെക്ഷൻ ഓഫീസർ**